ദേശാഭിമാനി 24 May 2017

# ഡോ. കെ കെ ജോഷി പുരസ്കാരം ഏറ്റുവാങ്ങി



► സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ മികച്ച ജൈവവൈവിധ്യ ഗവേഷകനുള്ള പുരസ്കാരം ഡോ. കെ കെ ജോഷിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനിക്കുന്നു

**കൊച്ചി** > കേന്ദ്ര സമുദ്രമത്സ്യഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) മറൈൻ ബയോഡൈവേഴ്സിറ്റി വിഭാഗം മേധാവിയും പ്രിൻസിപ്പൽ സയന്റിസ്റ്റുമായ ഡോ. കെ കെ ജോഷിക്ക് സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ 2016ലെ മികച്ച ജൈവവൈവിധ്യ ഗവേഷകനുള്ള പുരസ്കാരം ലഭിച്ചുമുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനിച്ചു.

സമുദ്ര ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്കും വികസനപ്രവർത്തനങ്ങൾക്കുമാണ് പുരസ്കാരം. പ്രശസ്തിപത്രവും 50,000 രൂപയുമടങ്ങുന്നതാണ് പുരസ്കാരം.